സംസ്ഥാനതല മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിച്ചു

കൊച്ചി: ന്യൂ ജനറേഷൻ ബാങ്ക്സ് ആൻഡ് ഇൻഷുറൻസ് സ്റ്റാഫ് അസോസിയേഷൻ-സിഐടിയു സംസ്ഥാന വ്യാപകമായി മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിച്ചു. സംസ്ഥാനതല ഉദ്ഘാടനം എറണാകുളത്ത് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് സോണൽ ഓഫീസിൽ സംസ്ഥാന ജനറൽ സെക്രട്ടറി സുമേഷ് പത്മൻ നിർവഹിച്ചു. എല്ലാ ജില്ലകളിലേയും സ്വകാര്യ ബാങ്ക് ,സ്വകാര്യ ഇൻഷുറൻസ്, ജനറൽ ഇൻഷുറൻസ് മേഖലയിലെ മുഴുവൻ ഓഫീസുകളും കേന്ദ്രീകരിച്ച് നടത്തിയ മെമ്പർഷിപ്പ് ക്യാപെയ്ന്റെ ഭാഗമായി നിരവധി ജീവനക്കാർ സംഘടനയിൽ പുതുതായി അംഗത്വമെടുത്തു.



■ന്യൂ ജനറേഷൻ ബാങ്ക്സ് ആൻഡ് ഇൻഷുറൻസ് സ്റ്റാഫ് അസോസിയേഷൻ-സിഐടിയു സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച മെമ്പർഷിപ്പ് ക്യാമ്പയിനിൽ നിന്ന് .



●സിയാലിൻ ഇൻഡിഗോയുടെ പുതിയ കാർഗോ സർവീസ് ആരംഭിക്കുന്ന വേളയിൽ, ഇൻഡിഗോ കാർഗോ വിഭാഗം വൈസ് പ്രസിഡന്റ് വിപിൻ കുമാർ മോഹ്ലയ്ക്ക് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഉപഹാരം സമ്മാനിക്കുന്നു. സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി., എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സാജി ഡാനിയൽ, സന്തോഷ് ജെ. പുവട്ടിൽ, സിയാൽ കാർഗോ വിഭാഗം മേധാവി സതീഷ് കുമാർ പൈ, ഇൻഡിഗോയിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരെയും ചിത്രത്തിൽ കാണാം.

കൊച്ചി ടു ഷാർജ; ഇൻഡിഗോ സിയാലിൽനിന്ന് ചരക്ക് വിമാന സർവീസ് തുടങ്ങി

നെടുമ്പാശേരി: കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് ഷാർജയിലേക്ക് ഇൻഡിഗോയുടെ ഷെഡ്യൂൾഡ് ചരക്കു വിമാന സർവീസ് ആരംഭിച്ചു. എയർബസ് എ321 വിഭാഗത്തിലുള്ള ചരക്കുവിമാനമാണ് കൊച്ചിഷാർജ റൂട്ടിൽ സർവീസ് നടത്തുന്നത്.

നിലവിൽ ആഴ്ചയിൽ ഒരു സർവീസാണ് ഉണ്ടാകുക. തുടർന്ന് സർവീസുകളുടെ എണ്ണം ആഴ്ചയിൽ മൂന്നായി ഉയർത്താനാണ് പദ്ധതി. വാണിജ്യ ചരക്കുകൾക്കും സമയബന്ധിതമായി എത്തിക്കേണ്ട ചരക്കുകൾക്കും പുതിയ സർവീസ് പ്രയോജനപ്പെടും. ഷാർജ വഴി യുഎഇയിലെയും ഗൾഫ് മേഖലയിലെയും മറ്റ് വിപണികളിലേക്കും ചരക്കുകൾ എത്തിക്കുന്നതിന് കയറ്റുമതിക്കാർക്ക് കൂടുതൽ സൗകര്യമൊരുങ്ങും.

കൊച്ചിക്കും ഷാർജയ്ക്കുമിടയിൽ ഇൻഡിഗോ കാർഗോയുടെ ഷെഡ്യൂൾഡ് ചരക്കുവിമാന സർവീസ് ആരംഭിക്കുന്നത് സിയാലിന്റെ കാർഗോ ശൃംഖലയ്ക്ക് കൂടുതൽ കരുത്തേകുന്നതാണ്.

കേരള സർക്കാരിന്റെ നേതൃത്വത്തിൽ കൊച്ചിയെ ഒരു പ്രധാന ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇത്തരം രാജ്യാന്തര കാർഗോ കണക്ടിവിറ്റി കൂടുതൽ പിന്തുണ നൽകും.

കേരളത്തിലെ കയറ്റുമതി ക്കാർക്കും വ്യവസായങ്ങൾക്കും ഗൾഫ് വിപണികളിലേക്ക് ചരക്കുകൾ എത്തിക്കുന്നതിന് പുതിയ സർവീസ് കൂടുതൽ അവസരമൊരുക്കും. സിയാൽ മാനേജിങ് ഡയറക്ടർ ശ്രീ.എസ്. സുഹാസ് ഐ.എ.എസ് പറഞ്ഞു.

പഴങ്ങൾ, പച്ചക്കറികൾ ഉൾപ്പെടെയുള്ള പെരിഷബിൾസ്, സമുദ്രോൽപ്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, വസ്ത്രങ്ങൾ, സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ട മറ്റ് വാണിജ്യ ചരക്കുകൾ എന്നിവ സിയാലിന്റെ കാർഗോ സൗകര്യങ്ങളിലൂടെ കൈകാര്യം ചെയ്യുന്നുണ്ട്.

കയറ്റുമതി മേഖലയുടെയും വ്യാപാര-ലോജിസ്റ്റിക്സ് മേഖലയുടെയും വർധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് കാർഗോ അടിസ്ഥാനസൗകര്യങ്ങളും എയർലൈൻ ശൃംഖലയും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സിയാൽ തുടരുകയാണ്.

സർവീസിന്റെ ആരംഭിക്കുന്നതിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി ഡാനിയേൽ, സന്തോഷ് ജെ. പുവാട്ടിൽ, കാർഗോ ഹെഡ് സതീഷ് കുമാർ പൈ, ഇൻഡിഗോ കാർഗോ വൈസ് പ്രസിഡന്റ് വിപിൻ കുമാർ മോഹ്ല, ഇൻഡിഗോ അസോസിയേറ്റ് വൈസ് പ്രസിഡന്റ് സെയിൽസ് (വെസ്റ്റ് സൗത്ത്) ബിജു ശങ്കർ, ഡയറക്ടർ കാർഗോ ഓപ്പറേഷൻസ് (വെസ്റ്റ് സൗത്ത്) ജുബിലന്റ് ജോൺസൺ, ഡയറക്ടർ സെയിൽസ് (നോർത്ത് ഈസ്റ്റ്) സതീഷ് മിശ്ര എന്നിവർ പങ്കെടുത്തു.

സ്വർണവില രണ്ടു തവണ കുതിച്ചു; പവന് 1,18,480

മട്ടാഞ്ചേരി: സ്വർണവിലയിലെ കയറ്റം ഇന്നലെയും തുടർന്നു. പവനു വില 1,18,480 രൂപയായി. രാവിലെ ഗ്രാമിന് 110 രൂപയും ഉച്ചകഴിഞ്ഞ് 100 രൂപയും കൂടി. ഗ്രാമിന് 14,810 രൂപയാണു വില.

കഴിഞ്ഞ അഞ്ചു ദിവസത്തിനിടെ പവന് 4320 രൂപ വർധിച്ചു.

ഇന്നലെ രാജ്യാന്തര സ്വർണവില ഔൺസിന് 4585 ഡോളർ കടന്നതോടെയാണ് ആഭ്യന്തര വില രണ്ടു തവണയായി ഉയർന്നത്. വിനിമയ നിരക്കിൽ രൂപയുടെ മൂല്യം 95.77ൽനിന്ന് 95.68 ആയി മെച്ചപ്പെട്ടു.



കൊച്ചി മെട്രോയുടെ പേര് മാറ്റൽ പരിഗണനയിലില്ലെന്ന് മുഖ്യമന്ത്രി

കൊച്ചി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നത് കേരളം മെട്രോ റെയിൽ ലിമിറ്റഡ് എന്നാക്കാൻ സർക്കാരിന് ശുപാർശ ചെയ്തെന്ന കെഎംആർഎലിന്റെ പ്രസ്താവന തള്ളി മുഖ്യമന്ത്രി വി.ഡി.സതീശൻ.സർക്കാർ അറിയാതെയാണ് കെഎംആർഎൽ പേര് മാറ്റുന്നത് പ്രഖ്യാപിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഇത് സംബന്ധിച്ച വാർത്ത പത്രത്തിലൂടെയാണ് അറിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി മെട്രോയുടെ പേര് മാറ്റം സർക്കാരിന്റെ ആലോചനയിൽ പോലുമില്ലെന്ന് വി ഡി സതീശൻ പറഞ്ഞു. സർക്കാരിനോട് ആലോചിക്കാതെയാണ് കെഎംആർഎൽ പത്ര വാർത്ത നൽകിയത്.

പിന്നെ താനെന്തിന് പ്രതികരിക്കണമെന്നാണ് മുഖ്യമന്ത്രി ചോദിക്കുന്നത്.സിഎംആർഎൽ-എക്സാലോജിക് സാമ്പത്തിക ഇടപാട് കേസിലും മുഖ്യമന്ത്രി പ്രതികരിച്ചു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന പേര് മാറ്റി കേരളം മെട്രോ റെയിൽ ലിമിറ്റഡ് എന്നാക്കണമെന്നായിരുന്നു കെഎംആർഎല്ലിന്റെ ശുപാർശ. കെഎംആർഎൽ എം ഡി ലോക്നാഥ് ബഹ്റയാണ് ഇത് സംബന്ധിച്ച ശുപാർശ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്.

കെ.ടി.എമ്മിന് റെക്കോഡ് രജിസ്ട്രേഷൻ

കൊച്ചി: രാജ്യത്തെ ഏറ്റവും വലിയ ടൂറിസം-വാണിജ്യ മേളയായ കേരള ട്രാവൽ മാർട്ട് (കെ.ടി.എം 2026)ന് ഇക്കുറി റെക്കോർഡ് രജിസ്ട്രേഷൻ. മാർട്ടിൽ പങ്കെടുക്കുന്നതിനുള്ള ബയർ രജിസ്ട്രേഷൻ 3000 കടന്നു. ഇതിൽ 790 രാജ്യാന്തര ബയർമാരും 2,210 ആഭ്യന്തര ബയർമാരും ഉൾപ്പെടുന്നു. സെപ്റ്റംബർ 24-ന് കൊച്ചിയിൽ ഉദ്ഘാടനത്തിനു ശേഷം സെപ്റ്റംബർ 25 മുതൽ 27 വരെയാണ് മാർട്ടിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റുകൾ നടക്കുക. ഉദ്ഘാടന ചടങ്ങ് ബോൾഗാട്ടിയിലെ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലും പ്രദർശനവും വാണിജ്യ കൂടിക്കാഴ്ചകളും കൊച്ചി വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര, സാമുദ്രിക കൺവെൻഷൻ സെന്ററിലുമാണ് നടക്കുന്നത്.

ഫെഡറൽ ബാങ്കിന്റെ 95-ാമത് വാർഷികം

കൊച്ചി: ഫെഡറൽ ബാങ്കിന്റെ ഓഹരി ഉടമകളുടെ 95-ാമത് വാർഷിക പൊതുയോഗം വീഡിയോ കോൺഫറൻസിലൂടെ നടന്നു. ബാങ്ക് ചെയർമാൻ ഏലിയാസ് ജോർജ് അധ്യക്ഷത വഹിച്ചു. ബാങ്കിന്റെ എം.ഡിയും സി.ഇ.ഒയുമായ കെ.വി.എസ്. മണിയൻ, മറ്റു ഡയറക്ടർമാർ, ഓഹരിയുടമകൾ, സീനിയർ എക്സിക്യൂട്ടീവുകൾ, ഓഡിറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.2026 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തികവർഷത്തേക്കുള്ള ഓഡിറ്റു ചെയ്ത സാമ്പത്തികഫലവും ഓഹരിയൊന്നിന് 1.20 രൂപ ലാഭവിഹിതം നൽകാനുള്ള തീരുമാനവും ഉൾപ്പെടെ പൊതുയോഗത്തിന്റെ നോട്ടീസിൽ പറഞ്ഞിരുന്ന എല്ലാ പ്രമേയങ്ങളും യോഗത്തിൽ അംഗീകരിച്ചു.



● ഐ.സി.എൽ. ഒന്നിച്ചോണം പൊന്നോണം 2026 പരിപാടി സംബന്ധിച്ച് പത്ര സമ്മേളത്തിൽ വിശദീകരിക്കുന്ന ഐ.സി.എൽ. എം. ഡി. കെ.ജി. അനിൽകുമാർ(ഇടത്തു നിന്ന് മൂന്നാമത്)

ഐ.സി.എൽ. ഒന്നിച്ചോണം പൊന്നോണം 2026 നാളെ

കൊച്ചി: ഐ.സി.എൽ. ഓണാഘോഷ പരിപാടിയായ ഒന്നിച്ചോണംപൊന്നോണം നാളെ ഇരിങ്ങാലക്കുടയിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉ ദ്ഘാടനം ചെയ്യും. മന്ത്രി ഒ.ജെ. ജനീഷ് മുഖ്യാതിഥിയായിരിക്കും. ഐ.സി.എൽ. ഫിൻകോർപ്പ് ചെയർമാൻ മാനേജിങ് ഡയറക്ടർ കെ.ജി. അനിൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിക്കും. ഐ.സി.എൽ. ഫിൻകോർപ് സി.ഇ.ഒയും ഹോൾ ടൈംഡയറക്ടറും വൈസ് ചെയർപേഴ്സണുമായ ഉമ അനിൽകുമാർ സ്വാഗതം പറയും.

ഐസിഎൽ മാനേജ്മെന്റും ജീവനക്കാരും ഇരിങ്ങാലക്കുട പൗരാവലിയുംസംയുക്തമായാണ് ആഘോഷം ഒരുക്കുന്നത്.

നാളെ ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രപരിസരത്തുനിന്ന് ആരംഭിക്കുന്ന ഘോഷയാത്ര മുനിസിപ്പൽ മൈതാനത്ത് സമാപിക്കും.

തുടർന്ന് ചലച്ചിത്രരംഗത്തെ പ്രമുഖതാരങ്ങളും പിന്നണി ഗായകരും അണിനിരക്കുന്ന ബിഗ്സ്ക്രീൻ അവാർഡ്സ് 2026 സന്ധ്യഅരങ്ങേറും. ചലച്ചിത്രതാരം ആശശരത്ത് പങ്കെടുക്കും.



● വേണാട് ഫിനാസ് ഗ്രൂപ്പിന്റെ 7-മത് ശാഖ പുളിയനത്ത് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്യുന്നു.

വേണാട് ഫിനാൻസ് ശാഖ തുറന്നു

കൊച്ചി: വേണാട് ഫിനാൻസ് ഗ്രൂപ്പിന്റെ 7 മത് ശാഖ പുളിയനം പെരേപാടൻ ബിൽഡിങ്ങിൽ റോജി എം. ജോൺ ഉദ്ഘാടനം ചെയ്തു. മനേജിംഗ് ഡയറക്ടർ ബി. ചന്ദ്രകുമാർ അധ്യക്ഷത വഹിച്ചു പി.കെ ഹരി, വിനീത് വിൻസെന്റ് തുടങ്ങിയവർ പ്രസംഗിച്ചു. മുൻ പഞ്ചായത്ത് പ്രസിഡന്റ് പി.വി ജോസ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സുനിൽ ജെ അറയ്ക്കലാൻ , എസ്ബി ചന്ദ്രശേഖവാരിയർ, സംഗീത ശ്രീജിത്ത് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് .

ഓണം വിപണിക്ക് ഒരുങ്ങി മിൽമ

കൊച്ചി: വിശ്വസിച്ച് കഴിക്കാവുന്ന ഗുണമേന്മയുള്ള പാലും പാലുൽപ്പന്നങ്ങളും ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ വിപുലമായ ഒരുക്കങ്ങൾ നടത്തി മിൽമ എറണാകുളം മേഖലാ യൂണിയൻ. അത്തം മുതൽ തിരുവോണം വരെ മിൽമ എറണാകുളം മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ ജില്ലകളിലായി സാധാരണ വരുന്നതിന്റെ മുന്നിരട്ടി ആവശ്യകത മുന്നിൽ കണ്ടുള്ള തയാറെടുപ്പുകളാണു നടത്തിയിട്ടുള്ളതെന്ന് ചെയർമാൻ സി.എൻ. വത്സലൻപിള്ള പറഞ്ഞു. പാലും, നെയ്യും, ഇതര പാലുൽപ്പന്നങ്ങളും കൂടാതെ ഷുഗർ ഫ്രീ ഐസ്ക്രീം, ഷുഗർ ഫ്രീ പേഡ, 65 ഇനം എസ്ക്രീമുകൾ , 5 ഇനം പേഡ, വിവിധയിനം പനീർ, പാലട തുടങ്ങിയവ ഉൾപ്പെടയുള്ള 160 ഉൽപ്പങ്ങൾ വിപണിയിൽ ലഭ്യമാക്കാനുള്ള തയാറെടുപ്പുകളും പൂർത്തിയായി. തൃപ്പൂണിത്തുറ, കോട്ടയം, കട്ടപ്പന, തൃശൂർ എന്നിവിടങ്ങളിലെ ഡയറികളിൽനിന്നു പാലും തൈരും ഇടപ്പള്ളിയിലെ പ്രൊഡക്ട്സ് ഡെയറിയിൽനിന്നു പാലുൽപ്പന്നങ്ങളും കൃത്യമായി ഉപഭോക്താൾക്ക് എത്തിക്കാനും പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ വിൽപന കൈകാര്യം ചെയ്യാൻ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും മേഖലാ യൂണിയൻ ഒരുക്കിയിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് മായം കലർന്ന ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയാനും പരമാവധി വിറ്റുവരും ലാഭവും നേടുകവഴി ക്ഷീരകർഷകരെ സഹായിക്കുന്ന നിലപാടുമായാണ് എറണാകുളം മേഖലായൂണിയൻ മുന്നോട്ടു പോകുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ മുഴുവൻ ക്ഷീരകർഷകരുടെയും ജനങ്ങളുടെയും പിന്തുണ മിൽമയ്ക്ക് ഉണ്ടാകണമെന്നു ചെയർമാൻ അഭ്യർഥിച്ചു. ഉത്രാടത്തിന് 12 ലക്ഷത്തോളം ലിറ്റർ പാലും 11,16,000 കിലോ തൈരും 200 ടൺ നെയ്യുടെയും വിൽപ്പനയാണു പ്രതീക്ഷിക്കുന്നതെന്നും ചെയർമാൻ അറിയിച്ചു.

ലേഖന വിവാദം: ദേശാഭിമാനി വാരാന്തപ്പതിപ്പ് എഡിറ്റർ കെ.ആർ. അജയൻ രാജിവച്ചു

തിരുവനന്തപുരം: 'കള്ളൻ വിജയൻ' ലേഖന വിവാദത്തിൽ കുടുങ്ങിയ ദേശാഭിമാനി വാരാന്തപ്പതിപ്പ് എഡിറ്റർ കെ.ആർ. അജയൻ രാജിവച്ചു. എഡിറ്റർ സ്ഥാനത്തുനിന്ന് നീക്കിയ ശേഷം രാജിവയ്ക്കുകയോ നീണ്ട അവധിയിൽ പോകുകയോ ചെയ്യണമെന്ന് മാനേജ്മെന്റ് ആവശ്യപ്പെട്ടതിനെത്തുടർന്നാണ് ദേശാഭിമാനി റെസിഡന്റ് എഡിറ്റർപദവിയിൽനിന്നുള്ള അജയന്റെ രാജിയെന്നാണ് വിവരം.



■ കെ.ആർ. അജയൻ

വാരാന്തപ്പതിപ്പിൽ പ്രസിദ്ധീകരിക്കാനിരുന്ന ലേഖനത്തിന്റെ തലക്കെട്ടുമായി ബന്ധപ്പെട്ടാണ് വിവാദം ഉടലെടുത്തത്. തിരുവനന്തപുരം പുല്ലമ്പാറയിലെ നാടകപ്രവർത്തകൻ വിജയനെക്കുറിച്ചു ടി.സി. രാജേഷ് എഴുതിയ ലേഖനത്തിന് 'കള്ളൻ വിജയൻ, ധന്യ നാടകഗ്രാമം, മുത്തിപ്പാറ പി.ഒ' എന്ന തലക്കെട്ടാണ് നൽകിയിരുന്നത്. തലക്കെട്ട് മാറ്റാതെ ലേഖനം പ്രസിദ്ധീകരിച്ചതോടെ എഡിറ്റോറിയൽ ബോർഡിലെ ചിലർ എതിർപ്പുമായി രംഗത്തെത്തി. ഇതോടെ വാരാന്തപ്പതിപ്പിന്റെ പ്രസിദ്ധീകരണം തന്നെ പ്രതിസന്ധിയിലായി. തുടർന്ന് ഈ ലേഖനം മാറ്റിയാണ് പതിപ്പ് പുറത്തിറങ്ങിയത്. തലക്കെട്ട് മാറ്റണമെന്ന ആവശ്യം നിരസിച്ച് അതു മാധ്യമങ്ങൾക്കു ചോർത്തി നൽകിയെന്നാരോപിച്ചാണ് അജയനു കാരണം കാണിക്കൽ നോട്ടീസ് നൽകിയത്.

തലക്കെട്ട് പാർട്ടി വിരുദ്ധമല്ലെന്നായിരുന്നു അജയന്റെ വിശദീകരണം. ഇതു തൃപ്തികരമല്ലെന്നു ചൂണ്ടിക്കാട്ടി എഡിറ്റർ സ്ഥാനത്തുനിന്ന് അജയനെ മാറ്റുകയായിരുന്നു. ദേശാഭിമാനിയിൽ പ്രസിദ്ധീകരിക്കാത്ത ലേഖനം പിന്നീട് ലേഖകൻ സാമൂഹികമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

വിലനിലവാരം

സ്വർണ വില വർദ്ധിച്ചു

● വെളിച്ചെണ്ണ
വെളിച്ചെണ്ണ.....25,500
വെളിച്ചെണ്ണ: മില്ലിങ്.....26000
കൊപ്ര.....16300-16500

● പിണ്ണാക്ക്
എക്സ്പെല്ലർ.....3700
പിണ്ണാക്ക് റോട്ടറി.....3800

● കുരുമുളക്
അൺഗാർബിൾഡ്.....69,300
പുതിയ കുരുമുളക്.....68,300
കുരുമുളക് ഗാർബിൾഡ്.....71,300

● ചുക്ക്
മീഡിയം.....34,000
ചുക്ക് ബെസ്റ്റ്.....36,000

● മഞ്ഞൾ
നാടൻ.....20,000-20,500
സേലംഈറോഡ്..... ഇല്ല
കാഞ്ഞിരകുറു.....1850
അടയ്ക്ക.....36,000
അടയ്ക്ക പുതിയത്.....36,000
പഞ്ചസാര.....5200
മുളക്.....19000
ഉഴുന്ന്.....11800-12,800
ചെറുപയർ.....10300-12,300
കടല.....9400
മുതിര.....6700
എള്ള്.....20,000-22,600
മല്ലി.....17000-17500
പച്ചരി നമ്പർ.1.....4600
പുഴുക്കലരി ജയ.....4800

● ജാതിക്ക
തൊണ്ടൻ.....(കിലോ 280-320)
ജാതിക്ക തൊണ്ടില്ലാത്ത്.....550-600
ജാതിപത്രിചുവപ്പ്മഞ്ഞ.....1500-1600
ജാതി ഫ്ളവർ ചുവപ്പ്.....1900-2000
ജാതി ഫ്ളവർ മഞ്ഞ.....2000-2100
ഗ്രാമ്പൂ.....800-925

● കാലടി വിപണി
ജാതിക്കതൊണ്ടൻ-കിലോ.....280-320
ജാതിക്കതൊണ്ടില്ലാത്ത്.....550-600
ജാതിപത്രിചുവപ്പ്മഞ്ഞ.....1500-1600
ഫ്ളവർ ചുവപ്പ്മഞ്ഞ.....2000-2100

● റബർ കൊച്ചി
ആർഎസ്എസ് 5 26,100-26,700
ആർഎസ്എസ് 4 27,300
ഒട്ടുപാൽ 18,300
ലാറ്റക്സ്.....18,600

● സ്വർണം
സ്വർണം പവൻ.....1,18480,
സ്വർണം ഗ്രാം.....14,810
സ്വർണം അവധി വ്യാപാരം
ഒക്ടോബർ.....161757
ഡിസംബർ.....163698

● റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....27500
ആർ.എസ്.എസ്.5.....27200
ഐ.എസ്.എൻ.ആർ-20.....25200
ലാറ്റക്സ്.....19655

● കൊച്ചി
ആർഎസ്എസ് 4 27500
ആർഎസ്എസ് 5 27200

● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....26884
ആർ.എസ്.എസ്. 2..... 26711
ആർ.എസ്.എസ്. 3..... 26551
ആർ.എസ്.എസ്. 4..... 26464
ആർ.എസ്.എസ്. 5..... 26421

● കലാലംപൂർ
എസ്.എം.ആർ-20.....22022
ലാറ്റക്സ് 60%.....16507

● പൈനാപ്പിൾ മാർക്കറ്റ്
പച്ച: 48, പഴം: 53 (പൈനാപ്പിൾ ഗ്രോവേഴ്സ് അസോസിയേഷൻ)
പച്ച: 44, പഴം: 49 (പൈനാപ്പിൾ മർച്ചന്റ്സ് അസോസിയേഷൻ)

● ആലപ്പുഴ
വെളിച്ചെണ്ണ 25500-26000
കൊപ്ര തെളിവ് 16600
കൊപ്ര ഓടെ 16650
കൊപ്ര രാശി 16700
സ്വർണം ഒരു ഗ്രാം.....14680
സ്വർണം എട്ടു ഗ്രാം 117440
തങ്കം 10 ഗ്രാം 149800
വെള്ളി ഒരു കിലോ.....260000

വിനിമയം

ഡോളർ.....97.06
യൂറോ.....113.54
പൗണ്ട്.....132.47
സ്വിസ്ഫ്രാങ്ക്.....121.96
സിംഗപ്പൂർ ഡോളർ.....76.70
ആസ്ട്രലിയൻ ഡോളർ.....69.42
കനേഡിയൻ ഡോളർ.....68.21
ബഹറിൻ ദിനാർ.....253.88
കുവൈറ്റ് ദിനാർ.....309.85
ഒമാനി റിയാൽ.....248.61
സൗദി റിയാൽ.....25.94
യുഎഇ ദിർഹം.....26.05
ഖത്തർ റിയാൽ.....26.25

CHANGE OF NAME
I BENNY MADATHIPARAMBIL AUGSTINE holders of Indian PPT No. B3086756 residing at Madathiparambil House, Olanad, Varapuzha P.O, Ernakulam 683517, Kerala do hereby change my name to BENNY ANTONY

CHANGE OF NAME
I, Sali (Aadhaar No. 871476216323, Election ID & PAN) and Saly (Ration Card), W/o. Mathachan residing at Kombanal, Mulakulam North P.O., Piravom - 686664, hereby change my name to Saramma K.K. as per School and Marriage Certificates.

CHANGE OF NAME
I, T.J. Aleyamma, Spouse of Ex. Sub Maj. M.T. Joy, resident of Muppathiyil House, Kunnackal P.O, Muvattupuzha have changed my name from T.J. Aleyamma to Aleyamma T.J. vide Affidavit dated 19.08.2026 before Hon'ble JFCM Court No. I Muvattupuzha.

നോട്ടീസ്
തിരുവോണം നിധി ലിമിറ്റഡ്
CIN-U65990KL 2020 PLN 061024
രജിസ്റ്റേർഡ് ഓഫീസ് സോൾ നമ്പർ 768
A.Town വാർഡ് 25.
അങ്കമാലി- 683572. എറണാകുളം ജില്ല കേരളം
E mail-onamfinco@gmail.com

ആറാമത് വാർഷിക പൊതുയോഗ നോട്ടീസ്

അങ്കമാലി തിരുവോണം നിധി ലിമിറ്റഡിന്റെ ആറാമത് വാർഷിക പൊതുയോഗം 2026 സെപ്റ്റംബർ മാസം 15-ാം തിയതി ചൊവ്വാഴ്ച വൈകുന്നേരം 5 p.m ന് Nelvayal, Kudumbashree Premium Café, First Floor (Near Railway Overbridge) Angamaly South ,Ernakulam Dist Kerala - 683 572 വച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു . എല്ലാ ഓഹരി ഉടമകളും ഇത് ഒരു അറിയിപ്പായി പരിഗണിച്ച് പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
എന്ന് തിരുവോണം നിധി ലിമിറ്റഡിനുവേണ്ടി
Danty Jose
Managing Director
DIN-08657622
അങ്കമാലി
19.08.2026
NB: വിശദമായ വാർഷിക റിപ്പോർട്ടും കണക്കുകളും രജിസ്റ്റേർഡ് ഓഫീസിൽ ലഭ്യമാണ്

MANAPPURAM FINANCE LTD.
CIN L65910KL1992PLC006623.
Registered Office : W - 4/ 6284, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/09/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരേയും പ്രത്യേകിച്ചും ഇതിനാൽ അറിയിക്കുന്നു. സ്വർണ്ണാഭരണങ്ങൾ കൃത്യനിയ്ക്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു ലേലനോട്ടീസ് പോസ്റ്റായി അയച്ചു കൊടുക്കൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ സാക്ഷിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയിപ്പും നൽകാതെയും തിയ്യതികളിൽ തന്നെ ലേലം ചെയ്യുന്നതായിരിക്കും. ലേലത്തിന്റെ വിവരങ്ങൾ ലേലം നടക്കുന്ന ശാഖയിലും ഹെഡ് ഓഫീസിലും എന്നതാ കൂടാതെ www.manappuram.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള ലേലക്കാർ ലേലത്തിന്റെ അന്നേ ദിവസം EMD എന്നു നിശ്ചയിച്ചിരുന്ന രൂ. 10,000/- (നിശ്ചയിക്കാത്ത ലേലക്കാർക്ക് മടക്കി നൽകുന്നതാണ്) NEFT/RTGS മുഖേന സ്വരൂപിക്കുന്നതാണ്. ലേലക്കാർ സാധുവായ തിരിച്ചറിയൽ കാർഡ്/പാൻ കാർഡ് തെളിവും കൂടാതെ വിലാസങ്ങൾ കൂടുതൽ വിവരങ്ങൾക്ക് 9072607147 എന്ന നമ്പറിൽ ബന്ധപ്പെടുക.
അധികാരപ്പെട്ട ഉദ്യോഗസ്ഥൻ
മണപ്പുറം ഫിനാൻസ് ലിമിറ്റഡ്.

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-66 DRAW RESULT 21/08/2026

ഒന്നാം സമ്മാനം ₹ 1കോടി RY671695 (ചിറ്റൂർ)
സമാശ്വാസ സമ്മാനം ₹ 5000: RN671695 RO671695 RP671695 RR671695 RS671695 RT671695 RU671695 RV671695 RW671695 RX671695 RZ671695

രണ്ടാം സമ്മാനം ₹30 ലക്ഷം	RW548703								
മൂന്നാം സമ്മാനം ₹5 ലക്ഷം	RT235795								
നാലാം സമ്മാനം ₹ 5000	0202	0894	0910	1226	2046	2347	2692	2839	